# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3608 | 14.03.2017 ൽ മറുപടിയ്ക്ക്

### <u>എ.ടി.എമ്മുകളുടെ സുരക്ഷ</u>

**ചോദ്യം**

ശ്രീ.പി.കെ. ശശി

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) സംസ്ഥാനത്തുള്ള എ.ടി.എമ്മുകൾ വേണ്ടത്ര സുരക്ഷയില്ലാത്തതും അതുമൂലം ജനങ്ങൾ തട്ടിപ്പിനിരയാകുന്നതും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുരക്ഷാ സംവിധാനമില്ലാത്ത എ.ടി.എമ്മുകളെ പോലീസ് പട്രോളിംഗിനിടെ കർശന നിരീക്ഷണം നടത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സുരക്ഷാ സംവിധാനമില്ലാത്ത എ.ടി.എമ്മുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ബാങ്ക് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 2016-17 വർഷം ഇത്തരത്തിൽ വഞ്ചിക്കപ്പെട്ട് പണം നഷ്ടപ്പെട്ട എത്ര കേസ്സുകൾ സംസ്ഥാനത്താകമാനം രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

(ബി) 2016-ൽ 30 കേസുകളും 2017 മാർച്ച് 6 വരെ 21 കേസുകളും സംസ്ഥാനത്ത് ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 2016-ൽ രജിസ്റ്റർ ചെയ്ത 3 കേസുകളിലായി 4 പ്രതികളെ പിടികൂടിയിട്ടുണ്ട്.

(സി) എ.ടി.എം. ഉപഭോക്താക്കളിൽ എത്രപേരുടെ പണം മറ്റു സംസ്ഥാനങ്ങൾ, വിദേശരാജ്യങ്ങൾ എന്നിവിടങ്ങളിലെ പ്രതികളാൽ നഷ്ടപ്പെട്ടു; ആയതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര;

(സി) മറ്റ് സംസ്ഥാനങ്ങൾ, വിദേശരാജ്യങ്ങൾ എന്നിവിടങ്ങളിലെ പ്രതികളാൽ എ.ടി.എം. ഉപഭോക്താക്കളുടെ പണം നഷ്ടപ്പെട്ടവരുടെ എണ്ണവും, ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണവും 2015, 2016, 2017 മാർച്ച് 6 വരെയുള്ള കണക്ക് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| | 2015 | 2016 | 2017 upto March 6 |
|---|---|---|---|
| പണം നഷ്ടപ്പെട്ടവരുടെ എണ്ണം | 16 | 42 | 3 |

| | | | | |
|---|---|---|---|---|
| രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | 16 | 42 | 3 | |

(ഡി) എ.ടി.എം. തട്ടിപ്പ് കണ്ടെത്താൻ സൈബർ സെല്ലിന്റെ സേവനം ഫലപ്രദമാണോ എന്നു പരിശോധിച്ചുവോ;

(ഡി) എ.ടി.എം തട്ടിപ്പ് കണ്ടെത്താൻ ജില്ലാ സൈബർ സെല്ലിന്റെ സേവനം ഫലപ്രദമാണ്. പ്രസ്തുത സെല്ലുകൾക്ക് സൈബർ ഡോമിൽ നിന്നും ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ നിന്നും ആവശ്യമായ സാങ്കേതിക സഹായം നൽകി വരുന്നു.

(ഇ) സൈബർ സെല്ലിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കാനും അന്വേഷണങ്ങൾക്കായി ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാനും സർക്കാർ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(ഇ) സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

(എഫ്) എ.ടി.എം തട്ടിപ്പു തടയുവാൻ സംസ്ഥാനത്തു പ്രവർത്തിക്കുന്ന എല്ലാ എ.ടി.എം കളിലും വൺടൈം കോമ്പിനേഷൻ (ഒ.ടി.എം) സംവിധാനവും, നിരീക്ഷണ ക്യാമറകളും സെക്യൂരിറ്റിയും നിർബന്ധമാക്കുന്നത് പരിഗണിക്കുമോ?

(എഫ്) സുരക്ഷാ സംവിധാനമില്ലാത്ത എ.ടി.എമ്മുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനും സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും ബാങ്ക് അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.